(ബി) ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) പി. എച്ച്. ഡി. ബിരുദധാരികളും ബി. എഡ്. യോഗ്യത നേടിയിട്ടില്ലാത്തവരുമായ സർവ്വീസിലുള്ള എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകരെ ബി. എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജി. ഒ. (എംഎസ്.) 353/2000/ജി. ഇ. ഡി. എൻ., തീയതി 28-10-2000 സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ സർക്കാർ ഉത്തരവ് 'സേവിംഗ് പ്രൊവിഷനായി' സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിക്കൊണ്ട് ആവശ്യമായ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുമോ;

(ഇ) 1998-ൽ സർവ്വീസിൽ പ്രവേശിച്ച് ബി. എഡ്. യോഗ്യത നേടിയിട്ടില്ലാത്തവരും എം. ഫിൽ., ജെ. ആർ. എഫ്., നെറ്റ് എന്നീ യോഗ്യതകളുള്ളവരുമായ എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും ബി. എഡ്. യോഗ്യത നേടുന്നതിന് കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) എയ്ഡഡ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം വെളിപ്പെടുത്താറായിട്ടില്ല.

(ബി) അന്തിമഘട്ടത്തിലാണ്.

(സി, ഡി) ഈ ഭേദഗതി പരിഗണനയിലില്ല. ഈ കാര്യം നേരത്തേ പരിശോധിച്ച് നിരാകരിച്ചിട്ടുള്ളതാണ്.

(ഇ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ നടപടി

104 [5768] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പാസ്സായ മുഴുവൻ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുവാൻ ആവശ്യമായ പ്ലസ് ടു കോഴ്സുകളുടെ സീറ്റ് സംസ്ഥാനത്ത് ലഭ്യമല്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി 2003-2004 വിദ്യാഭ്യാസ വർഷത്തിൽ ഏതെല്ലാം മേഖലകളിലാണ് പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത പഞ്ചായത്തുകളിലും സർക്കാർ സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എസ്. എസ്. എൽ. സി. പാസ്സായ എല്ലാ കുട്ടികൾക്കും പ്ലസ് ടു പ്രവേശനത്തിന് സാധ്യമാകുന്ന തരത്തിൽ പ്ലസ് ടു സീറ്റുകളും പ്രൈവറ്റ് രജിസ്ട്രേഷൻ ഓപ്പൺ സ്കൂൾ എന്നീ സംവിധാനങ്ങളും നിലവിലുണ്ട്.

(ബി) 2003-2004 വിദ്യാഭ്യാസ വർഷത്തിൽ തിരഞ്ഞെടുത്ത ചില സർക്കാർ ഹൈസ്കൂളുകളിലും നാല് എയ്ഡഡ് സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ അനുവദിക്കുവാൻ തീരുമാനമുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

പി. എസ്. സി. അംഗീകാരമില്ലാത്ത വി. എച്ച്. എസ്. കോഴ്സുകൾക്ക് അംഗീകാരം നൽകാൻ നടപടി

105 [5769] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുള്ള കോഴ്സുകൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ പി. എസ്. സി. അംഗീകാരമുള്ളവയുടേയും അംഗീകാരമില്ലാത്ത വയുടേയും ലിസ്റ്റ് വ്യക്തമാക്കാമോ;

(സി) പി. എസ്. സി. അംഗീകാരമില്ലാത്ത വി. എച്ച്. എസ്. സി. നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളുടെ പേരുകൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(സി) പി. എസ്. സി. അംഗീകാരമില്ലാത്ത കോഴ്സുകൾ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly